# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4609

13.11.2019-ലെ മറുപടി

## കുടിവെള്ള പദ്ധതികളുടെ വിപുലീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ വിദേശ ഏജൻസികളുടെ സഹായത്തോടെ വിപുലീകരിക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നഗരങ്ങളിൽ ഏത് ഏജൻസി വഴിയാണെന്നും എത്ര തുക ലഭിക്കുമെന്നും അതിന്റെ വ്യവസ്ഥകൾ എന്തൊക്കെ യാണെന്നും അറിയിക്കാമോ ; | (എ) | ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിലെ കുടിവെള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണ നയിലുണ്ട്. ജലവിഭവ വകുപ്പ് എക്സിക്യൂട്ടീങ് ഏജൻസിയായും കേരള വാട്ടർ അതോറിറ്റി ഇംപ്ലിമെന്റിംഗ് ഏജൻസിയായും ആണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ 70% ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ലോൺ ആയും 30% കേരള സംസ്ഥാനത്തിന്റെ വിഹിതമായും ആണ് വകയിരുത്തിയിരിക്കുന്നത്. ADB യുടെ സഹായമായി 1750 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 750 കോടി രൂപയുമാണ് മൊത്തമായി ഉദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ എ.ഡി.ബി ധനസഹായമായി 875 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 375 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (ബി) | കൊച്ചി നഗരത്തിലെ കടിവെള്ള സ്വീവേജ് പദ്ധതികൾക്ക് ലഭിച്ച തുക നഷ്ടപ്പെടുത്തി യതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ ? | (ബി) | കൊച്ചി നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം/കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം നടപ്പാക്കിയ കടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>എ.ഡി.ബി ധനസഹായത്തോടെ കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കിയ 16519 ലക്ഷം രൂപയുടെ സ്വീവേജ് പദ്ധതികൾ സ്ഥലം ലഭ്യമല്ലാത്ത കാരണവും പൊതുജന പ്രക്ഷോഭത്താലും ഉപേക്ഷിക്കേണ്ടി വന്നു (പ്രസ്തുത പദ്ധതികൾക്ക് 3839 ലക്ഷം രൂപ ചെലവഴിച്ചു). ജെ.എൻ.എൻ.യു.ആർ.എം പദ്ധതി പ്രകാരം 7481 ലക്ഷം രൂപയുടെ പദ്ധതിയും സ്ഥലം ലഭ്യമല്ലാത്ത കാരണം നടപ്പാക്കാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**